**കരുതാം ആലപ്പുഴയെ : സ്ക്വാഡ് പരിശോധനയും**

**ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി**

ആലപ്പുഴ: കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി സ്വീകരിക്കേണ്ട മുൻകരുതലുകളും സ്വയം സുരക്ഷിതരാകാനുള്ള ബോധവത്കരണത്തിനുമായി ജില്ല ഭരണകൂടത്തിന്റെ ആഭിമുഖ്യത്തില് ആരംഭിച്ച 'കരുതാം ആലപ്പുഴയെ'ന്ന കോവിഡ് പ്രതിരോധ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി ജില്ലയിൽ ബോധവൽക്കരണം നടത്തി. ലേബർ ഓഫീസർമാരുടെ നേതൃത്വത്തില് വിവിധ ബ്ലോക്കുകളിലാണ് ബോധവത്ക്കരണം നടത്തിയത്. സാമൂഹിക അകലം പാലിച്ചു ജോലി ചെയ്യുന്നതിനെ കുറിച്ചും മാസ്ക് ധരിക്കുന്നതിനെക്കുറിച്ചുമാണ് ജനങ്ങൾക്ക് ബോധവത്ക്കരണം നൽകിയത്.

അമ്പലപ്പുഴ എസ്. ബി. ഐ, പുന്നപ്ര ചന്ത എന്നിവിടങ്ങളിൽ കൂട്ടം കൂടി നിന്നവർക്ക് ആലപ്പുഴ രണ്ടാം സർക്കിള് അസി. ലേബർ ഓഫീസര്, പുന്നപ്ര സബ് ഇൻസ്പെക്ടര് എന്നിവര് ചേർന്ന് സാമൂഹിക അകലം പാലിച്ചു കൊണ്ട് ജോലി ചെയ്യുന്നതിനെ കുറിച്ചും മാസ്ക് ധരിക്കുന്നതിനെ കുറിച്ചും ബോധവൽക്കരണം നൽകി. ആലപ്പുഴ മൂന്നാം സർക്കിള് അസി. ലേബർ ഓഫീസറുടെ നേതൃത്വത്തിൽ ആര്യാട് ബ്ലോക്ക് പരിധിയില് സ്ക്വാഡ് പരിശോധന നടത്തി.

ബോധവൽക്കരണ പ്രവർത്തനങ്ങളോടൊപ്പം കോവിഡ് പ്രോട്ടോകോള് പാലിക്കാത്ത വ്യക്തികൾക്കെതിരെയും സ്ഥാപനങ്ങൾക്കെതിരെയും നടപടികള് കർശനമായി സ്വീകരിക്കാനായി ബ്ലോക്ക് തലത്തില് 12 സ്ക്വാഡ് ടീമിനെയാണ് നിയോഗിച്ചിട്ടുള്ളത്. ദുരന്ത നിവാരണ നിയമപ്രകാരം രൂപീകരിച്ചിരിക്കുന്ന ഈ സ്ക്വാഡിന് കടകളും പൊതുസ്ഥലങ്ങളും പരിശോധിച്ച് പിഴ ഈടാക്കാനുള്ള അധികാരമുണ്ട്. സ്ക്വാഡിന്റെ ചുമതലയുള്ള ഗസറ്റഡ് ഓഫീസറിനു പുറമെ പോലീസ്, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരും അംഗങ്ങളാണ്. കടകൾക്കും മാർക്കറ്റുകൾക്കും പുറമേ സ്വകാര്യ വ്യക്തികള് നടത്തുന്ന ചടങ്ങുകള് അടക്കമുള്ളവ പരിശോധിക്കാനും മറ്റ് കോവിഡ് മാനദണ്ഡ ലംഘനങ്ങൾക്ക് പിഴ ചുമത്താനും ഇവർക്ക് അധികാരമുണ്ട്. പ്രവർത്തനങ്ങള് ഏകോപിപ്പിക്കാന് ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിൽ ജില്ലാതല കൺട്രോള് റൂമും പ്രവർത്തിക്കുന്നുണ്ട്.